"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ ഗ്രാമ ജ്യോതി മാലിന്യ സംസ്കരണ പദ്ധതി (പ്രോ. നം.237/20, അടങ്കൽ തുക 4,00,000/- രൂപ) നടപ്പിലാക്കുന്നതിന് തനത് ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധനയോടെ 2019-20 വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്

G.O.(Rt)No.69/2020/LSGD തീയതി, തിരുവനന്തപുരം, 07/01/2020

---

പരാമർശം:- 1 ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 05.10.2019-ലെ 5/7 നമ്പർ ഭരണ സമിതി തീരുമാനം

2 മലപ്പുറം ജില്ലാ പ്ലാനിങ് ഓഫീസറുടെ 25.10.2019-ലെ കത്ത് (SRG/916/2019-CC/697/2019)

3 06.12.2019-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.5

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് 'ഗ്രാമ ജ്യോതി മാലിന്യ സംസ്കരണ പദ്ധതി' എന്ന പേരിൽ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ സ്വീകരിച്ച് കൊണ്ട് അജൈവ മാലിന്യം ശേഖരിച്ച് തരം തിരിച്ച് വില്പന മൂല്യമില്ലാത്ത വസ്തുക്കൾ തമിഴ് നാട്ടിലെ ACC സിമന്റ് ഫാക്ടറിക്ക് നിയമവിധേയമായി കയറ്റി അയയ്ക്കുന്ന ഒരു സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത ഗ്രാമ ജ്യോതി മാലിന്യ സംസ്കരണ പദ്ധതിയിൽ 2019-2020 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വരുമാനം 9,08,000/- രൂപയും ചെലവ് 12,60,000/-രൂപയുമാണ്. പദ്ധതി നടപ്പാക്കുന്നതിനായി അധികമായി വേണ്ടി വരുന്ന 3,52,000/- രൂപ കണ്ടെത്തുന്നതിനായി തനത് ഫണ്ടിൽ നിന്ന് 4,00,000/- രൂപ അടങ്കൽ തുക വകയിരുത്തി രൂപീകരിച്ച പ്രോജക്റ്റ് നമ്പർ 237/20 വെറ്റിംഗ് ഓഫീസറായ കാളികാവ് ബി.ഡി.ഒ. നിരസിച്ചതിനെ തുടർന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിക്കായി ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

2. 06.12.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഈ വിഷയം പരിഗണിക്കുകയും തനത് ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധനയോടെ 2019-20 വർഷത്തേയ്ക്ക് മാത്രമായി പദ്ധതി നടപ്പിലാക്കുന്നതിന് ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)-ന്റെ അടിസ്ഥാനത്തിൽ, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ ഗ്രാമ ജ്യോതി മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അധികമായി വേണ്ടിവരുന്ന 3,52,000/- രൂപ കണ്ടെത്തുന്നതിനായി തനത് ഫണ്ടിൽ നിന്ന് 4,00,000/- രൂപ അടങ്കൽ തുക വകയിരുത്തി രൂപീകരിച്ച പ്രോജക്ട് നമ്പർ 237/20-ന് തനത് ഫണ്ട് തന്നെ ഉപയോഗിക്കണമെന്ന നിബന്ധനയോടെ 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുമാത്രമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പ്രസിഡന്റ്/ സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.01.0[illegible]:32 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്